# امتحان نصف السنة في المدارس الدينية ٢٠٢٣ - ٢٤ م
## تحت هيئة التربية والتعليم لندوة المجاهدين بكيرالا

**H 502**

الصف: الخامس | الموضوع: العقائد والأخلاق | المدة: ساعتان | العلامات: ٨٠

## വിശ്വാസം

**I പൂർത്തിയാക്കി എഴുതാം** [5]

1. അല്ലാഹു നമ്മിൽ നിന്നും ആവശ്യപ്പെടുന്നത് ................. ചെയ്യണമെന്നാണ്.
2. ................. അംഗീകരിച്ചാൽ മാത്രമേ അല്ലാഹു നമ്മുടെ മറ്റു കർമങ്ങൾ സ്വീകരിക്കുകയുള്ളൂ.
3. ................. നബിമാരുടെ വിവരണം മാത്രമേ വിശുദ്ധ ക്വുർആനിൽ ഉള്ളൂ.
4. നിത്യ സൗഖ്യത്തിന്റെ ഉത്തമ ഗേഹമാണ് .................
5. മരണപ്പെട്ടുപോയ ഒരു മഹാനോട് തന്റെ രോഗം മാറ്റിത്തരണേ എന്ന് പറയുന്നത് ................. ആണ്.

**II ചതുരത്തിൽ നിന്നും ശരിയായവ ചേർത്ത് പൂർത്തിയാക്കാം.** [5]

| |
|---|
| وَلَا أُشْرِكُ بِهِ أَحَدًا |
| الْعِبَادَة |
| وَيَفْعَلُونَ مَا يُؤْمَرُونَ |
| فَلْيَحْلِفْ بِاللهِ |
| إِلَّا بِلِسَانِ قَوْمِهِ |

١) لَا يَعْصُونَ اللهَ مَا أَمَرَهُمْ ..............................

٢) لَا تَحْلِفُوا بِآبَائِكُمْ وَمَنْ كَانَ حَالِفًا .................

٣) قُلْ إِنَّمَا أَدْعُو رَبِّي ..........................

٤) وَمَا أَرْسَلْنَا مِنْ رَسُولٍ ..........................

٥) الدُّعَاءُ هُوَ................

**III തെറ്റുകൾ ശരിയാക്കി എഴുതാം** [10]

1. ക്വുർആൻ ഈസാ നബി ﷺ ക്ക് ലഭിച്ച മുഅ്ജിസത്താണ്.
2. ജിന്നുകളെ പ്രകാശത്തിൽ നിന്നും സൃഷ്ടിച്ചു.
3. ഒരാൾ രോഗിയായാൽ അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുന്നതിൽ തെറ്റില്ല.
4. മലക്കുകളിൽ പ്രധാനി മീകാഈൽ എന്ന മലക്കാണ്.
5. മനുഷ്യർക്ക് സത്യമാർഗം കാണിച്ചുകൊടുക്കാനാണ് ജിന്നുകളെ സൃഷ്ടിച്ചത്.

**IV ഒന്നോ രണ്ടോ വാചകങ്ങളിൽ ഉത്തരമെഴുതാം.** (മൂന്നെണ്ണം) [9]

1. അല്ലാഹു മനുഷ്യർക്ക് വേണ്ടി സൃഷ്ടിച്ചത് എന്തെല്ലാമാണ്?
2. സൃഷ്ടികളെ ആരാധിക്കാൻ പാടില്ല. എന്തുകൊണ്ട്?
3. സ്വർഗം നേടാൻ നാം എന്തെല്ലാം ചെയ്യണം?
4. മലക്കുകളും മനുഷ്യരും തമ്മിലുള്ള വ്യത്യാസം എന്ത്?
5. എങ്ങനെയാണ് സത്യം ചെയ്യേണ്ടത്?

## V അർത്ഥമെഴുതാം (രണ്ടെണ്ണം) 6

١) هُوَ ٱلْحَىُّ لَآ إِلَٰهَ إِلَّا هُوَ فَٱدْعُوهُ مُخْلِصِينَ لَهُ ٱلدِّينَ

٢) إِنِّي سَمِعْتُ رَسُولَ اللهِ ﷺ يَقُولُ: مَنْ حَلَفَ بِغَيْرِ اللهِ فَقَدْ أَشْرَكَ.

٣) وَمِن وَرَآئِهِم بَرْزَخٌ إِلَىٰ يَوْمِ يُبْعَثُونَ.

## VI മദ്റസയിലെ സാഹിത്യ സമാജത്തിലേക്ക് പ്രബന്ധം തയ്യാറാക്കാം. (ഒന്ന് മാത്രം) 5

1. അന്തിമ വേദഗ്രന്ഥം
2. മലക്കുകൾ

## സ്വഭാവം

## VII പൂർത്തീകരിച്ച് എഴുതാം 5

1. ................ ഇല്ലായ്മ തിന്മകൾ വർധിക്കാൻ കാരണമാകുന്നു.
2. തിന്മ ചെയ്യുന്നവരോട് ................ കൊണ്ട് പ്രതികരിക്കുക.
3. നഗ്നത മറക്കുക എന്നത് .................... ന്റെ നിബന്ധനയിൽ പെട്ടതാണ്.
4. അബൂബക്ർ ﷺ മക്ക വിടാൻ ഒരുങ്ങിയപ്പോൾ സംരക്ഷണം നൽകിയത് ............ ആയിരുന്നു.
5. വിട്ടുവീഴ്ച ചെയ്യുന്നതിലൂടെ അല്ലാഹുവിങ്കൽ നമ്മുടെ ................ ഉയരും.

## VIII പ്രസ്താവനകൾ ശരിയാക്കി എഴുതാം. 10

1. പുരുഷൻ സ്ത്രീ വേഷം ധരിക്കുന്നതിന് വിരോധമില്ല.
2. സഹായങ്ങൾ ചോദിച്ച് വരുന്നവരെ ആട്ടിയകറ്റാം.
3. നന്മ ചെയ്യുന്നവരുമായുള്ള കൂട്ടുകെട്ട് നമ്മെ നശിപ്പിക്കും.
4. എതിരാളിയോട് ദേഷ്യത്തോടെ പെരുമാറുന്നവനാണ് യഥാർത്ഥ ശക്തൻ.
5. പരലോകത്ത് പാപ്പരായവർ ഉൽകൃഷ്ട സ്വഭാവമുള്ളവരാണ്.

## IX ഒന്നോ രണ്ടോ വാചകങ്ങളിൽ ഉത്തരമെഴുതാം. (മൂന്നെണ്ണം) 9

1. നമുക്ക് ഉണ്ടാവേണ്ട മൂന്ന് നല്ല സ്വഭാവ ഗുണങ്ങൾ എഴുതുക.
2. ലജ്ജയില്ലായ്മ കൊണ്ടുള്ള ദോഷങ്ങൾ എന്തെല്ലാം?
3. വസ്ത്രം ധരിക്കുന്നതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം?
4. ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതുകൊണ്ടുണ്ടാകുന്ന ദോഷങ്ങൾ എന്തെല്ലാം?

## X സന്ദർഭം എഴുതാം (രണ്ടെണ്ണം) 7

1. "എനിക്ക് നിങ്ങൾ പറയുന്നതിന്റെ എത്രയോ ഇരട്ടി ലാഭം കിട്ടിക്കഴിഞ്ഞു."
2. "ചെകുത്താനെപ്പോലെ പാറിപ്പറന്ന മുടിയുമായി വരുന്നതിനേക്കാൾ ഇതല്ലേ ഉത്തമം?"
3. "ഇന്ന് നിങ്ങൾക്കെതിരെ ഒരു പ്രതികാരവും ഇല്ല. നിങ്ങൾ പോകൂ. നിങ്ങളെല്ലാം സ്വതന്ത്രരാണ്."

**XI താഴെപ്പറയുന്ന സന്ദർഭങ്ങളിൽ നിങ്ങൾ എന്തു ചെയ്യും?** 4

1. നിങ്ങളുടെ ഒരു സുഹൃത്ത് നന്നായി വിശന്ന് ഭക്ഷണമില്ലാതെ വിഷമിക്കുന്നതായി നിങ്ങൾ അറിയുന്നു.
2. നിങ്ങളുടെ സഹപാഠിയെ ഫേസ്ബുക്കിൽ പരിഹസിക്കാൻ നിങ്ങളോട് ആവശ്യപ്പെടുന്നു.

**XII വിവരണം തയ്യാറാക്കാം (ഏതെങ്കിലും ഒന്ന്)** 5

1. സ്ത്രീയും പുരുഷനും വസ്ത്രധാരണ രീതിയിൽ എന്തെല്ലാം ശ്രദ്ധിക്കണം?
2. സമ്പത്തും ആരോഗ്യവും അല്ലാഹുവിന്റെ മാർഗത്തിൽ വിനിയോഗിക്കേണ്ടത് എങ്ങനെ?